# ജലരാശി

## കെ.വി. മോഹൻകുമാർ



ജലരാശി

കെ.വി. മോഹൻകുമാർ

(കഥ)

© Author

Published with permission from author

by Darsanam Samskarika Vedi, Kalandithazham,

Kozhikode - 673 571.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Traditional Well-Kerala, Water being lifted with a bucket from a traditional well; location: Taliparamba, Kannur, Kerala, India by MANOJTV. The image is taken from Wikimedia Commons and is gratefully acknowledged.

# ജലരാശി

കേശവന്റെ മുറ്റത്ത് ഇന്ന് പുലർച്ചെയാണ് അതിശയം ഉറവപൊട്ടിയത്. പഴുത്ത മാവില കുട്ടി മോണ ഉഴിയുന്നതിനിടെ തിരയിളക്കം കേട്ടാണ് മീനാക്ഷി കിണറിനടുത്തേക്കു ചെന്നത്.

കേശവൻ ക്ഷൗരം കഴിഞ്ഞ് തോർത്തെടുത്ത് മുഖം തുടയ്ക്കുകയായിരുന്നു. ആതിര ഏഴെട്ടു പറമ്പകലെ കവലയിൽ പഞ്ചായത്തുവെള്ളം ശേഖരിക്കാൻ പോയിരുന്നു.

നാട്ടിലാകെ വറുതി.

കിണറുകളിൽ വെള്ളമില്ലാതായിട്ട് ആഴ്ചകളായി.

ഒരിക്കലും വറ്റാത്ത തൃപ്പൂരക്കുളവും വറ്റി.

പഞ്ചായത്തുകാരിട്ട പൈപ്പുകൾ ഉണങ്ങിവരണ്ടു.

രണ്ടു ദിവസത്തിലൊരിക്കൽ പഞ്ചായത്തീന്ന് ലോറിയിലെത്തിക്കുന്ന വെള്ളമാണ് കേശവന്റെയും

നാട്ടുകാരുടെയും ഏക ആശ്രയം. ജലക്ഷാമത്തെത്തുടർന്ന് കേശവന്റെ കുടുംബം ദിനചര്യകളിൽ ചില മാറ്റം വരുത്തി. ദിവസം രണ്ടുനേരം കുളിച്ചിരുന്ന ആതിര കുളി രണ്ടോ മൂന്നോ ദിവസത്തിൽ ഒരിക്കലാക്കി. തുണിനന ആഴ്ചയിലൊരിക്കൽ. ടൂത്ത്പേസ്റ്റ് ഒഴിവാക്കി. പല്ലുതേപ്പ് മാവിലകൊണ്ടായി (മാവിലയാകുമ്പം വായ് കഴുകാൻ വെള്ളം ലേശം മതിയെന്ന് മീനാക്ഷി).

മീനാക്ഷി പാലിൽ വെള്ളം ചേർക്കുന്നത് നിർത്തി.

പശുക്കളുടെ അകിടിലും ഉറവ വറ്റി. കറന്നു കിട്ടുന്ന പാൽ ചായ കൂട്ടാനേ തികയൂ.

അരക്കപ്പ് ചായ കേശവനു കൊടുക്കും. ശേഷിച്ചത് മീനാക്ഷിയും ആതിരയും പങ്കുവയ്ക്കും. കേശവന്റെ ഉള്ളിൽ ദിവസം രണ്ടുനേരമാണ് ജലാംശം ചെല്ലുന്നത്.

രാവിലെ മീനാക്ഷി കൊടുക്കുന്ന അരക്കപ്പ് ചായ. വൈകുന്നേരത്തെ പതിവ് നൂറു മില്ലി.

ആതിരയുടെ കെട്ട്യോൻ വാസവൻ ഭാഗം ചോദിച്ചു പിണങ്ങിപ്പോയത് ഈയിടെയാണ്. ഒരുതരത്തിലത് ഭാഗ്യായി എന്ന് മീനാക്ഷിക്കു തോന്നാറുണ്ട്. മൂന്നാളുടെ തൊണ്ട നനഞ്ഞാൽ മതീല്ലോ.

ഓരോന്നോർത്തുനിൽക്കുമ്പോഴാണ് തിരയിളക്കം.

ചതഞ്ഞ മാവിലക്കൊന്ത് ദൂരേക്കു തുപ്പി മീനാക്ഷി കിണറിനടുത്തേക്കോടി.

കടൽ അലയടിച്ചു വരുന്നതുപോലെ.

കിണറ്റിലേക്കു നോക്കിയ മീനാക്ഷി പകച്ചുപോയി.

“ന്റെ ഭഗോതീ, ഞാനെന്താണോ ഈ കാണണെ?” എന്നലമുറയിട്ട് മീനാക്ഷി കിണറ്റുകരയിൽ ബോധംകെട്ടുവീണു. ഒച്ചകേട്ട് അകത്തുനിന്ന് കേശവനും അയലത്തുകാരും ഓടിവന്നു. കിണറിനോടടുത്തതും അവരും കേട്ടു.

-തിരയടിക്കുന്നതുപോലെ.

കേശവനും അയൽക്കാരും കിണറിനകത്തേക്കു നോക്കി.

നോക്കിയവർ നോക്കിയവർ അന്തംവിട്ടു.

അമ്പതുതൊടി ആഴമുള്ള കേശവന്റെ കിണറിന്റെ അടിത്തട്ടിൽനിന്ന് ജലധാരപോലെ വെള്ളം മേലേക്കു കുമിയുന്നു.

വടക്കേലെ നാണിത്തള്ള ഓടിപ്പോയി രണ്ടു കുടവുമായി വന്നു. “കേശവാ നിന്റെ കിണറ്റീന്ന് ഇറ്റുവെള്ളം ഈ നാണിച്ചേട്ത്തിക്കു തര്വോ?”

“ഇതെന്തു ചോദ്യാ നാണിച്ചേട്ത്തി.” കേശവൻ ഉദാരമതിയായി. “എന്റെ കിണറ്റിലെ വെള്ളം നിങ്ങടേംകൂടെയല്ലേ? അയിന് എന്നോട് അനുവാദം ചോദിക്കേണ്ട കാര്യോണ്ടോ?”

അതുകേട്ട് വാരത്തെ കല്യാണിയും താഴത്തെ മന്ദാകിനിയും ചരിവിലെ മാധവിയും കിഴക്കേലെ റബേക്കയും ചുറ്റുവട്ടത്തുള്ളവരൊക്കെയും വരണ്ടുണങ്ങിയ തൊട്ടികളും കുടങ്ങളുമായി വന്നു.

“കേശവാ, ആദ്യായി നിന്റെ കെണറ്റീ ഒരതിശയം നടന്നതല്ലേ?”

അയലത്തെ ശ്രീധരൻ പറഞ്ഞു: “നീതന്നെ ഐശ്വര്യായിട്ട് കോര്.”

കേശവൻ സംശയിച്ച നിന്നു.

“അല്ല, ശ്രീധരേട്ടാ, വാർഡുമെമ്പറെക്കൊണ്ട് കോരിച്ചാലോ? അതല്ലേ പ്രോട്ടോക്കോള്!”

“അയിന് വാർഡ് മെമ്പറെ ഏടെ തപ്പാനാ, കേശവാ?” ശ്രീധരൻ പറഞ്ഞു. “നീതന്നെ കോര്.”

കേശവൻ തൊട്ടി കിണറ്റിലേക്കിട്ടതും പവിത്രൻ ആർപ്പുവിളിച്ചു. നാണിത്തള്ള വായ്ക്കുരവയിട്ടു.

തൊട്ടി ജലനിരപ്പിൽ ഊളിയിടുന്നതും ഉഗ്ള് ഉഗ്ള് എന്നു നെടുവീർപ്പിട്ട് വെള്ളം നിറയുന്നതും കപ്പി ഭാരത്താൽ കരയുന്നതും കേശവനെയും അയൽക്കാരെയും കോൾമയിർകൊള്ളിച്ചു.

ആദ്യത്തെ തൊട്ടി വെള്ളം മുകളിലെത്തിയതും കേശവൻ ഒരുകൈ വെള്ളമെടുത്ത് മീനാക്ഷിയുടെ മുഖത്തു തളിച്ചു.

മീനാക്ഷി, “ഹാവൂ, പനിനീരു തളിച്ചപോലെ” എന്നു പറഞ്ഞു മയക്കം വിട്ടെണീറ്റു.

“നേര്ന്നെ,” കേശവൻ നനഞ്ഞ കൈത്തലം അരികെനിന്ന മന്ദാകിനിയുടെ കവിളിൽ തഴുകി. “അല്ലേ മന്ദാകിനീ?”

“ഹോ, എന്തൊരു തണുപ്പ്!” മന്ദാകിനിക്ക് കുളിരുകോരി.

“കേശവാ, ഇത് സാധാരണ വെള്ളല്ല,“നാണിത്തള്ള ഇരുകൈയിലും വെള്ളമെടുത്ത് കണ്ണിനുനേർക്കു പിടിച്ചു. “സ്ഫടികാ, തനി സ്ഫടികം.”

“നേര്.” - റബേക്കയും പറഞ്ഞു. “കണ്ണീരുപോലെ.”

“ഏയ്, കണ്ണീരിന് ഇത്രേം തെളിച്ചവില്ല.” മീനാക്ഷി പറഞ്ഞു. “ഇത് ഭൂമീടെ അന്തരാളം പൊട്ടി ഒലിച്ചുവരുന്ന വെള്ളവാ.”

“ഒന്ന രുചിച്ചുനോക്ക്യാലോ?” വാരത്തെ പവിത്രൻ ഒരുകൈ വെള്ളം വായിലൊഴിച്ചു. “എന്താ ഒരു സ്വാദ്! തനി അമൃത്. കേശവൻചേട്ടന്റെ ഭാഗ്യേ.”

“എന്റെ ഭാഗ്യോ!” കേശവൻ വിനയാന്വിതനായി. “എന്താ പവിത്രാ നീ അങ്ങനെ കര്തിയെ? നമ്മടക്കേം ഭാഗ്യംന്ന് പറ.”

“ശര്യല്ലേ കേശവൻ പറഞ്ഞത്.” നാണിത്തള്ള തൊട്ടി കിണറ്റിലിട്ടു. “നമ്മടേം ഭാഗ്യല്ലേ?”

“ആര് വേണേലും കോരിക്കോളീ. വേണ്ടുവോളം കോരിക്കോളീ.” കേശവൻ എല്ലാവരോടുമായി പറഞ്ഞു. “ഇന്നുമുതൽ ഇത് നിങ്ങടേം കെണറാണ്. സ്വന്തം കെണറാന്ന് തന്ന്യങ്ങ് കര്തിക്കോളീ.”

കേശവന്റെ കിണറ്റിൻകര കുടങ്ങളും ബക്കറ്റുകളും ക്ലുറ്റൻ കലങ്ങളും ചരുവങ്ങളും കൊണ്ടു നിറഞ്ഞു.

കേട്ടറിഞ്ഞ് അകലെനിന്നുപോലും ആൾക്കാരെത്തി. ഉച്ചയോടെ കേശവന്റെ പുരയിടം ജനസമുദ്രമായി. വെള്ളത്തിനായുള്ള നിര നാലുംകൂടിയ കവല കഴിഞ്ഞു നീണ്ടു. നഗരത്തിൽനിന്ന വാഹനങ്ങളിലും ആൾക്കാർ ഒഴുകിയെത്തി. ഒരേസമയം നൂറുകണക്കിന തൊട്ടികൾ കേശവന്റെ കിണറ്റിൽ മുങ്ങിത്താണു. കോരുംതോറും വെള്ളം കുമിയുകയാണ്.

കേശവൻ അകമേ ആനന്ദിച്ചു. “നോക്ക് മീനാക്ഷി, നാടായ നാടെല്ലാം നമ്മുടെ കെണറ്റിൻകരേൽ.”

മീനാക്ഷിയുടെ ഉള്ളിലും സന്തോഷം ഉറവപൊട്ടി. “നമ്മടെ ഭാഗ്യേ.”

സന്ധ്യ കഴിഞ്ഞാണ് ആതിരേടെ കെട്ട്യോൻ വാസവൻ വന്നത്.

വന്നപാടേ ആതിരയോടെന്തോ മന്ത്രിച്ചിട്ട് മൂന്നാല് കസേരകളും ബഞ്ചുകളും പുരയിടത്തിന്റെ ആളൊഴിഞ്ഞ കോണിലേക്കടുപ്പിച്ച് കേശവനെയും കൂട്ടി നടന്നു. കയ്യിലെ പൊതിയഴിച്ച് നീളൻ കൂട്ട തുറന്ന് ചിത്രപ്പണിചെയ്ത കുപ്പിയെടുത്ത് ബഞ്ചിൽ വച്ചു.

“ഇതെന്താ സാധനംന്ന് അറിയ്യോ?” വാസവൻ കുപ്പി തുറന്ന് കേശവനെ മണപ്പിച്ചു.

കേശവൻ സംശയിച്ചു. “റാക്ക്...”

“ങാ, ഒറ്റനോട്ടത്തി അങ്ങനെ തോന്നും.” വാസവൻ ദ്രാവകം രണ്ടു ഗ്ലാസുകളിലായി പകർന്നു. “ഇവൻ റഷ്യാക്കാരനാ. പഴേ കമ്മ്യൂണിസ്റ്റാ. വോഡ്ക.”

വോഡ്കയെന്നു കേട്ടതും കുപ്പിയിലെ ലഹരി കിണറ്റിലെ വെള്ളവുമായി സമരസപ്പെട്ട് കേശവന്റെ സിരകളിലേക്കരിച്ചിറങ്ങി.

ആതിര ഒരു താമ്പാളത്തിൽ പുഴുങ്ങിയ താറാമ്മുട്ടയുമായി വന്നു.

“അല്ലാ, എന്താ ആതിരേ നിന്റെ വീട്ടിലൊരു ജഗപൊഹ? ചേർത്തല പൂരോ?” വാസവൻ മുട്ടകളിലേക്കും കുളിച്ചീറൻമാറിവന്ന ആതിരയിലേക്കും പാളിനോക്കി.

“നീയറിഞ്ഞില്ലേ വാസവാ, “കേശവൻ വിശദീകരിക്കാനൊരുമ്പെട്ടു. “നമ്മടെ കെണറ്റില്-“

“അറിഞ്ഞു, അറിഞ്ഞു.” വാസവൻ വോഡ്കയിലേക്ക് നാരങ്ങ പിഴിഞ്ഞു. “അയിനീ നാട്ടാർക്കെന്നാ കാര്യം?”

“വാസവാ, നീയെന്നതാണീ പറേണേ?” കേശവൻ ക്ഷമകെട്ട് ഗ്ലാസ്സ് കൈയിലെടുത്തു.

വാസവന്റെ പേശികളുടെ ചടുലത കണ്ണെടുക്കാതെ നോക്കിനിൽക്കുകയാണ് ആതിര.

ഇതിനിടെ ശ്രീധരൻ കേശവനെ അന്വേഷിച്ചു വന്നു.

“കേശവാ, നിന്നോടു ചോയ്ച്ചേച്ചാണോ പൊറത്ത് ടാങ്കർ ലോറികള് നെരന്നു കെടക്കണെ? വെള്ളം കൊണ്ടുപോവാൻ?” ശ്രീധരൻ ക്ഷുഭിതനായിരുന്നു.

“ടാങ്കർ ലോറികളോ,” കേശവൻ വേവലാതിപ്പെട്ടു. “കെണറ്റിലെ വെള്ളം മുഴ്വോൻ അവമ്മാര് തീർക്കുല്ലോ.”

“കെണറ്റിലെ മാത്രമല്ല.” ശ്രീധരൻ പറഞ്ഞു. “ഇന്നാട്ടിലെ മുഴ്വോൻ വെള്ളോം അവമ്മാര് മോട്ടറുവെച്ച് ഊറ്റിയെടുക്കും. കേശവാ, നീ ചെന്നു ചോയ്ക്ക്. ടാങ്കർ ലോറിക്കാർക്ക് ഈാടെന്താ കാര്യം?”

“കാര്യോണ്ട്,” വാസവൻ ഇടപെട്ടു: “ശ്രീധരേട്ടൻ പോ. ഇത് ഞങ്ങടെ കുടംബക്കാര്യാ.”

വാസവൻ പുറത്തേക്കു നടന്നു.

തനിച്ചായിരുന്നില്ല വാസവൻ മടങ്ങിവന്നത്. നാലഞ്ചാൾക്കാരെ കൂട്ടിയാണ്.

എല്ലാം കാഴ്ചയിൽ യോഗ്യന്മാർ.

കേശവൻ ഭവ്യതയോടെ നിന്നു.

വന്നവർ ഇരുന്നു.

“മിനറൽ വാട്ടർ കമ്പനിക്കാരാ.” വാസവൻ പരിചയപ്പെടുത്തി.

“അതായത് വെള്ളം കുപ്പീലാക്കി വിറ്റ് കാശാക്കുന്നവർ.”

“വെള്ളം വിറ്റ് കാശാക്കുകേ?”

കേശവന് വിശ്വസിക്കാനായില്ല.

“വിശ്വസിക്കണം.” വാസവൻ പറഞ്ഞു. “നമ്മടെ തൊടീലെ വെള്ളം മൊത്തവില പറഞ്ഞെടുക്കാനാ ഇവരു വന്നിരിക്കണേ.”

“വാസവാ,” കേശവൻ അന്തംവിട്ടു. “ഞാനെന്തായീ കേക്കണെ?”

“ഒന്നും രണ്ടുമല്ല,” വാസവൻ ഒച്ചയടക്കി. “അമ്പതായിരമാ വെല പറേണേ.”

“അമ്പതായിരോ?” എന്ന കേശവന്റെ അന്ധാളിപ്പിനുനേർക്ക് കമ്പനിക്കാരിലൊരാൾ ചെറിയൊരു തുകൽപ്പെട്ടി തുറന്നൊരു കെട്ടെടുത്തു നീക്കിവച്ചു.

“ഇരുപത്തയ്യായിരം.” അയാൾ പറഞ്ഞു. “അഡ്വാൻസാ, ബാക്കി വ്യവസ്ഥകൾ ഒപ്പിട്ടശേഷം-“

“വെവസ്ഥകളോ?” കേശവൻ ഒന്നുമറിയാതെ വാസവനെ നോക്കി.

“അതേ.” വാസവൻ കെട്ടെടുത്ത് മടിയിൽവച്ചു.

“കമ്പനികളുമായുള്ള ഇടപാടാവുമ്പോ ചെല വെവസ്ഥകളൊക്കെ വേണല്ലോ.”

“അതായത്…” കമ്പനിക്കാരിലൊരാൾ വിശദമാക്കി. “കേശവന്റെ കിണറ്റിലെ വെള്ളത്തിന്റെ ഉടമ ഇനിമുതൽ കമ്പനി ആയിരിക്കും. നാട്ടുകാർ വെള്ളമെടുക്കാൻ പാടില്ല.

അവർക്കാവശ്യമുള്ള വെള്ളം കുപ്പികളിലും വലിയ കാനുകളിലുമാക്കി കമ്പനി വിപണിയിലെത്തിക്കും.

കേശവനോടും കുടുംബത്തോടും നന്ദികേട് കാട്ടരുതല്ലോ.

“തൊടിയൊന്നിന് ഒരു ലിറ്റർ കണക്കിന് അമ്പതു ലിറ്റർ വെള്ളം കേശവന്റെ കുടുംബത്തിന് കമ്പനി സൗജന്യമായി നൽകും. സമ്മതമാണെങ്കിൽ ദാ ഈ മുദ്രക്കടലാസിൽ ഒപ്പുവയ്ക്കാം.”

“ന്നാലും-” കേശവൻ വിഷമിച്ചു. “നാട്ടാരു വെള്ളമെടുക്കാൻ വരുമ്പോ എങ്ങനാ അരുതെന്ന് പറയ്കാ?”

“അക്കാര്യം കമ്പനി നോയ്ക്കോളും.” വാസവൻ പറഞ്ഞു.

എവിടെനിന്നോ ഒരു പേന വിരലുകൾക്കിടയിൽ പിടിപ്പിച്ച് അയാൾ കേശവന്റെ ചെവിയിൽ പറഞ്ഞു: “നമ്മള് തമ്മിലൊള്ള എടപാട് ഓർമ്മേണ്ടല്ലോ. അതിന് ദൈവം കാണിച്ചുതന്ന വഴിയാന്ന് കര്ത്യാ മതി. നേരം കളയാണ്ട് ഒപ്പിട്. കമ്പനിവക ടാങ്കർലോറികൾ പൊറത്ത് കാത്തുകെടക്ക്കേണ്.”

*(2001)*

⋆ ⋆ ⋆

## കെ.വി. മോഹൻകുമാർ



ആലപ്പുഴ ജില്ലയിൽ ജനിച്ചു. പത്രപ്രവർത്തകനായി തുടങ്ങിയ ഇദ്ദേഹം പിന്നീട് ഭരണനേതൃത്വത്തിലേക്ക് കടന്നു. നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത് എന്നീ നിലകളിൽ മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠനേടി. 'ഉഷ്ണരാശി' എന്ന കൃതിക്ക് 2018ലെ വയലാർ അവാർഡും കേരള സാഹിത്യ അക്കാദമി അവാർഡും ഉൾപ്പെടെ പതിനൊന്ന് പുരസ്കാരങ്ങൾ ലഭിച്ചു.

ശ്രാദ്ധശേഷം, ഹേ രാമ, ജാരനും പൂച്ചയും, ഏഴാമിന്ദ്രിയം, പ്രണയത്തിന്റെ മൂന്നാംകണ്ണ്, ഉഷ്ണരാശി, എടലാക്കുടി പ്രണയരേഖകൾ (നോവൽ), അലിഗയിലെ കലാപം (നോവലെറ്റുകൾ), ജാരവൃക്ഷത്തിന്റെ തണൽ (നോവൽ സമാഹാരം), മാഴൂർ തമ്പാൻ രണ്ടാം വരവ് (നോവൽ), സമ്പൂർണ കഥകൾ (കഥാസമാഹാരം), രാമനും വാല്മീകിയും ഞാനും (ലേഖനങ്ങൾ) രണ്ട് പശുക്കച്ചവടക്കാർ (കഥകൾ) എന്നിവ പ്രധാന കൃതികളാണ്. ഭൂമിയുടെ അനുപാതം, ക്ലാവല്ലയിലെ കതിരകൾ, അളിവേളി എന്തു ചെയ്യും?, അകം കാഴ്ചകൾ, പുഴയുടെ നിറം ഇരുൾ നീലിമ, ആസന്നമരണൻ തുടങ്ങി ഒട്ടേറെ കഥകൾ രചിച്ചു. കുഞ്ഞനുറുമ്പും മാടപ്രാവും, അമ്മുവും മാന്ത്രികപേടകവും, അപ്പൂപ്പൻ മരവും ആകാശപ്പൂക്കളും തുടങ്ങി വിവിധ ബാലസാഹിത്യകൃതികൾ രചിച്ചിട്ടുണ്ട്. ജീവന്റെ അവസാനത്തെ ഇല, റൊമീല ഒരോർമ്മച്ചിത്രം (ഓർമ്മ),

മനസ്സ് നീ, ആകാശവും നീ... (ലേഖനങ്ങൾ), ദേവരതി (യാത്രാനുഭവങ്ങൾ), മസൂറി സ്കെച്ചുകൾ (എഡിറ്റഡ്) എന്നിവയും ഇദ്ദേഹത്തിന്റെ രചനകളാണ്.

മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയ കേശു, മഴനീർത്തുള്ളികൾ, ക്ലിന്റ് എന്നീ ചിത്രങ്ങളുടെ തിരക്കഥാകൃത്ത് ആണ്.

ഭാര്യ: രാജലക്ഷ്മി, മക്കൾ: ലക്ഷ്മി, ആര്യ

വിലാസം:
സോപാനം, നവമി ഗാർഡൻസ്
ശ്രീകാര്യം പി.ഒ., തിരുവനന്തപുരം - 17
E-mail: kvmohankumar@yahoo.com